**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3924** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഒപ്റ്റോമെട്രിസ്റ്റ് ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെട്രിസ്റ്റ് വിഭാഗത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും അതിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അറിയിക്കുമോ; ഒഴിവുകൾ പി. എസ് . സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റ്/ ഒഫ്താൽമിക് അസിസ്റ്റന്റ്/റിഫ്രാക്ഷനിസ്റ്റ്/ ഓർത്തോപ്റ്റിസ്റ്റ് എന്നീ വിഭാഗങ്ങളിലായി 37 തസ്തികകളാണ് നിലവിലുള്ളത്. ഒഫ്താൽമിക് അസിസ്റ്റന്റ്/ റിഫ്രാക്ഷനിസ്റ്റ്/ഓർത്തോപ്റ്റിസ്റ്റ് എന്നീ വിഭാഗങ്ങളിലായി നിലവിലുള്ള 9 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (ബി) | റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| (സി) | ഇല്ലെങ്കിൽ ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുള്ള ആരോഗ്യവകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒഫ്താൽമിക് അസിസ്റ്റന്റ്/റിഫ്രാക്ഷനിസ്റ്റ്/ഓർത്തോപ്റ്റിസ്റ്റ് എന്നീ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ സ്വീകരിച്ചു വരുന്നതിനാൽ ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ